# അഗതികൾക്കു കൈത്താങ്ങാകാം

കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയോജനത്തോടെ നടപ്പിലാക്കിയ പദ്ധതികളിലൊന്നാണ് ആശ്രയ. അഗതികളില്ലാത്ത കേരളം സൃഷ്ടിക്കണം എന്ന ലക്ഷ്യത്തോടുകൂടി കേരളത്തിൽ വിഷമതകൾ അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ആവശ്യമുള്ള എല്ലാ സേവനങ്ങളും നൽകുന്ന പദ്ധതിയായിരുന്നു ആശ്രയ. ആശ്രയ പദ്ധതിയെ പുനർനാമകരണം ചെയ്ത് കൂടുതൽ സേവനങ്ങൾ നൽകുന്ന തരത്തിൽ പദ്ധതിയുടെ മാർഗരേഖയിൽ മാറ്റം വരുത്തി അഗതിരഹിത കേരളം എന്ന പദ്ധതിയായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

അഗതിരഹിത കേരളം പദ്ധതിയിൽ അഗതി കുടുംബങ്ങളെ കണ്ടെത്താൻ വേണ്ടി ഡിജിറ്റൽ സർവേയാണ് നടത്തിയത്. സർവേയും ഗുണഭോക്തൃ പട്ടികയും പൂർത്തിയാക്കി കേരളത്തിലെ 750ഓളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീക്ക് പ്രോജക്ട് സമർപ്പിച്ചു. ഇതുവരെ ലഭ്യമായ കണക്കു പ്രകാരം കേരളത്തിൽ ഒന്നര ലക്ഷത്തോളം അഗതി കുടുംബങ്ങളാണു കേരളത്തിലുള്ളത്.

അഗതി കുടുംബങ്ങൾക്കായുള്ള അഗതിരഹിത കേരളം പദ്ധതിയുടെ മികച്ച നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും കൈകോർക്കുന്നതിനൊപ്പം ഒരു വലിയ സാമൂഹിക കൂട്ടായ്മയുടെ നിരന്തര ഇടപെടലും സേവനവും ആവശ്യമുണ്ട്. ഓരോ പഞ്ചായത്തിലുമുള്ള അഗതി കുടുംബങ്ങൾ അല്ലെങ്കിൽ തങ്ങളുടെ അയൽപക്കങ്ങളിലുള്ള അഗതി കുടുംബങ്ങൾ ആരൊക്കെയാണെന്നു മനസ്സിലാക്കി അവർക്കു നല്ല സേവനങ്ങൾ ലഭിക്കുന്നുണ്ടോയെന്നു പരിശോധിക്കാനും സേവനങ്ങൾ ലഭ്യമാക്കാനും നമുക്കോരുരുത്തർക്കും സാധിക്കട്ടെ, സാധിക്കണം. സർക്കാർ വിഭാവനം ചെയ്ത സർക്കാരിന്റെ അഗതിരഹിത കേരളം പദ്ധതിയിൽ നൽകുന്ന സേവനങ്ങൾക്ക് ഉപരിയായും അഗതി കുടുംബങ്ങളെ കൈപിടിച്ചുയർത്താൻ വേണ്ട നടപടികൾ ഒരു കൂട്ടായ്മയോടു കൂടി ചെയ്യാൻ നമുക്കു സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.



**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ



# ദാഹനീരേകി ഉപജീവനം കണ്ടെത്തിയവർ

കൊല്ലത്തു തീരദേശവാസികൾക്കു ദിനംതോറും ശുദ്ധമായ കുടിവെള്ളം എത്തിച്ചു നൽകി സേവനവും ഉപജീവമാർഗവും കണ്ടെത്തിയ കുടുംബശ്രീ വനിതകളാണ് മേഴ്സി, ജസീന്ത, ലിബി, ശോഭ, സരിത എന്നിവർ. കൊല്ലം കോർപ്പറേഷൻ സിഡിഎസിനു കീഴിലുള്ള വിവിധ അയൽക്കൂട്ടങ്ങളിൽ നിന്നുള്ള അംഗങ്ങളായ ഇവർ ചേർന്ന് രൂപീകരിച്ച മിത്ര സംരംഭ സംഘം 'വേണാട് പ്യൂരിഫൈഡ് വാട്ടർ' എന്ന പേരിലാണ് ഓരോ വീട്ടിലും വിവിധ ഓഫിസുകളിലും ആശുപത്രികളിലും ശുദ്ധജലം എത്തിച്ച് നൽകുന്നത്. കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പിലാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ (എൻയുഎൽഎം) ഭാഗമായി കൊല്ലം കോർപറേഷനുമായി ചേർന്നു സ്ഥാപിച്ച റിവേഴ്സ് ഓസ്മോസിസ് (ആർഒ) പ്ലാന്റ് വഴിയാണ് ഇവർ ശുദ്ധമായ കുടിവെള്ളം ഉൽപാദിപ്പിക്കുന്നത്. 2018 ജൂൺ 28 ന് തുടക്കമായ പ്ലാന്റ് വഴി ഇപ്പോൾ 500 ഓളം ഉപഭോക്താക്കളിലേക്ക് ഇവർ ശുദ്ധജലം എത്തിക്കുന്നു. 20 ലീറ്ററിന്റെ ഒരു ബോട്ടിൽ വെള്ളത്തിന് 35 രൂപയാണ് ഈടാക്കുന്നത്.

സ്വന്തമായി ഉപജീവനമാർഗം കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെ മുന്നേറിയ സംഘം 2015 ൽ മലപ്പുറത്ത് ആരംഭിച്ച ആർഒ പ്ലാന്റിനെക്കുറിച്ച് അറിഞ്ഞതോടെയാണ് കൊല്ലത്ത് അങ്ങനെയൊരു സാധ്യത സഫലമാക്കുന്നതിനെക്കുറിച്ചു ചിന്തിച്ചതും കഠിന പരിശ്രമങ്ങൾക്കൊടുവിൽ പ്രവർത്തനം ആരംഭിച്ചതും. പ്ലാന്റ് സ്ഥാപിക്കുന്നതിനു ഏകദേശം 30 ലക്ഷം രൂപയോളം ചെലവായി. ഇതിൽ 12.75 ലക്ഷം രൂപ കോർപ്പറേഷൻ സഹായമായി നൽകി. ഒപ്പം കോർപറേഷനുള്ളിൽതന്നെ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സഹായവും മറ്റു സൗകര്യങ്ങളും ഒരുക്കി നൽകി. കുടുംബശ്രീ റിവോൾവിങ് ഫണ്ട് നൽകിയും സഹായിച്ചു. വ്യക്തിപരമായ സമ്പാദ്യവും ബാങ്ക് വായ്പയും വഴി ശേഷിച്ച തുകയും കണ്ടെത്തി.

എല്ലാവിധ ലൈസൻസുകളും മറ്റും നേടിയെടുക്കുന്നതിനും പരിശീലനങ്ങൾ നേടുന്നതിനുമുള്ള സഹായം എൻയുഎൽഎം സിറ്റി മിഷൻ മാനേജരും ഉദ്യോഗസ്ഥരുമാണ് നൽകിയത്.

ഉപഭോക്താക്കൾക്കു വെള്ളം എത്തിച്ചു നൽകുന്നതിന് മാസം 9000 രൂപ ശമ്പളത്തിൽ ഒരാളെ നിയമിച്ചിട്ടുണ്ട്. നിശ്ചിത തുക നൽകി വാഹന സൗകര്യവും ഏർപ്പെടുത്തി. ഡൽഹി ആസ്ഥാനമായു ള്ള ധാരണ എന്ന കമ്പനിയാണ് പ്ലാന്റ് പ്രവർത്തനങ്ങൾക്കുള്ള സാങ്കേതിക സഹായങ്ങൾ നൽകുന്നത്. ലോൺ തിരിച്ചടവു കഴിഞ്ഞ് ഇപ്പോൾ ഓരോ അംഗത്തിനും

മാസം തോറും 10000 രൂപയോളം ആർഒ പ്ലാന്റ് സംരംഭത്തിൽ നിന്നു ലഭിക്കുന്നുണ്ട്. ശുദ്ധീകരണത്തിനു ശേഷം പുറംതള്ളുന്ന ജലം പുനരുപയോഗപ്രദമാക്കുന്നതിന് മഴക്കുഴി പോലുള്ള സംവിധാനങ്ങളൊരുക്കുന്നതിനുള്ള ശ്രമത്തിലാണ് സംഘം ഇപ്പോൾ.

## കുടുംബശ്രീ ഇൻഫൊ

### മത്സ്യക്കൃഷിക്ക് കുടുംബശ്രീയും

സംസ്ഥാന ഫിഷറീസ് വകുപ്പുമായി ചേർന്ന് കുടുംബശ്രീ മത്സ്യക്കൃഷിയിലേക്കും. കൃഷിയിലൂടെ അയൽക്കൂട്ടവനിതകൾക്ക് ഉപജീവന മാർഗം കണ്ടെത്തി നൽകുന്നത് ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന കുടുംബശ്രീ കാർഷിക വിഭാഗത്തിന്റെ നേതൃത്വത്തിലാണ് ഈ സംയോജനം. വ്യക്തിഗതമായോ കൃഷി സംഘങ്ങൾക്കോ പദ്ധതിയുടെ ഭാഗമാകാം. പരിശീലനവും മത്സ്യക്കുഞ്ഞുങ്ങളെയും സബ്സിഡി സഹായവും ഫിഷറീസ് വകുപ്പ് നൽകും.





# കുടമ്പുളി മീൻ അച്ചാർ



തയാറാക്കിയത്: **പെരുമ്പാവൂർ മില്ലുംപടി പുതുക്കാട് വീട്ടിൽ സോഫിയ ഹമീദ്** **(ഐശ്വര്യ അയൽക്കൂട്ടത്തിലെ അംഗം)**

**ആവശ്യമുള്ള സാധനങ്ങൾ :** 1) മീൻ (ദശക്കട്ടിയുള്ളത്) അരക്കിലോ, 2) ഇഞ്ചി ഒരു വലിയ കഷണം, 3)വെളുത്തുള്ളി അരക്കപ്പ്, 4)കുരുമുളക് ഒരു ടീസ്പൂൺ, 5) പച്ചമുളക്. 10 എണ്ണം, 6)മുളകു പൊടി രണ്ടു കപ്പ്, 7)കുടമ്പുളി ഒരു കപ്പ്, (1 കപ്പ് വെള്ളം ചേർത്ത് തിളപ്പിച്ച് കുറുക്കി എടുത്ത സത്ത്), 8)ഉലുവപ്പൊടി രണ്ടു ടീസ്പൂൺ, 9)കറിവേപ്പില ആവശ്യത്തിന്, 10) ഉപ്പ് ആവശ്യത്തിന്,11) എണ്ണ മീൻ വറുക്കാൻ ആവശ്യത്തിനുള്ളത്.

**തയാറാക്കുന്ന വിധം:** 1. ഇഞ്ചിയും രണ്ടു വലിയ വെളുത്തുള്ളിയും അരച്ച പേസ്റ്റും കുരുമുളക് പൊടിയും മീൻ ചെറിയ കഷ്ണങ്ങളായി മുറിച്ചതിൽ ചേർത്ത് അര മണിക്കൂർ വെയ്ക്കുക. അതിനുശേഷം വറുത്ത് എടുക്കുക. 2. മീൻ വറുത്ത എണ്ണയിൽത്തന്നെ ഒരുകപ്പ് ശേഷിച്ച വെളുത്തുള്ളി, പച്ചമുളക് ചെറുതായി അരിഞ്ഞത് എന്നിവ വഴറ്റുക. അതിലേക്കു മുളകുപൊടിയും കുടമ്പുളി സത്തും ചേർത്തു തിളയ്ക്കുമ്പോൾ വറുത്ത മീൻ ചേർക്കുക. ഇതിൽ ഉലുവപ്പൊടിയും കറിവേപ്പിലയും ചേർത്ത് ഇളക്കുക. അച്ചാർ തയാർ. 3. ചൂടാറിയ ശേഷം ടിന്നിൽ സൂക്ഷിക്കാം. 90 ദിവസം വരെ കേടാകാതെ ഇരിക്കും.